Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)12903 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 22.3.2013

# സർക്കുലർ നമ്പർ 18/13

വിഷയം:- സഹകരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതിയും,ഇന്ദിരാ ആവാസ് യോജനയും - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 58/2008 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 44/2009 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 3/2010 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 25/2010 നമ്പർ സർക്കുലർ.
5. സഹകരണ സംഘം രജിസ്ട്രാറുടെ 32/2011 നമ്പർ സർക്കുലർ.
6. സഹകരണ സംഘം രജിസ്ട്രാറുടെ 68/2011 നമ്പർ സർക്കുലർ.
7. സഹകരണ സംഘം രജിസ്ട്രാറുടെ 16/2012 നമ്പർ സർക്കുലർ
8. സർക്കാരിന്റെ 14.3.2013 ലെ സ.ഉ.(എം.എസ്)നമ്പർ.90/13/ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.
9. സർക്കാരിന്റെ 20.03.12 ലെ സ.ഉ.(ആർ.റ്റി)നം.819/12/ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.

വാസയോഗ്യമായ പാർപ്പിടം ഇല്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ 24.06.08 ലെ സ.ഉ.(എം.എസ്)174/08/ത:സ്വ:ഭ:വ. നമ്പർ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി പ്രോജക്ടുകൾക്ക് സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിന് പരാമർശം 1 മുതൽ 7 വരെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വായ്പ നൽകി വരികയാണ്.

ഇ.എം.എസ്. ഭവന പദ്ധതിയോടൊപ്പം ഇന്ദിരാ ആവാസ് യോജന (I AY) പദ്ധതിക്കുമായി യഥാക്രമം 400 കോടി രൂപായും, 200 കോടി രൂപായും ഉൾപ്പെടെ ആകെ 600 കോടി രൂപാ അധിക വായ്പയായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ടും പലിശ നിരക്ക് പരമാവധി 10.75 എന്ന് നിജപ്പെടുത്തികൊണ്ടും ഇന്ദിരാ ആവാസ് യോജനയുടെ കാര്യത്തിൽ ആവശ്യമായ വായ്പ ഏതു സഹകരണ ബാങ്കുമായും നെഗോഷ്യയെറ്റു ചെയ്യുന്നതിനും 31.3.2013 നകം വായ്പ എടുത്തിരിക്കേണ്ടതാണെന്നും ഐ.എ.വൈക്ക് എടുക്കുന്ന വായ്പ മുതലും പലിശയും 2012-13 ലെയും 2013-14 ലെയും പദ്ധതിയിനത്തിലുള്ള തുകയിൽ നിന്നും സർക്കാർ നൽകുന്നതാണെന്നും സൂചന 8 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിക്ക് നൽകിയ വായ്പയുടെ പലിശ ലഭ്യമാക്കുന്നതു സംബന്ധിച്ച് സൂചന 9 പ്രകാരം സർക്കാർ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ  പുറപ്പെടുവിച്ചിട്ടുണ്ട്.സർക്കാരിന്റെ പലിശ ഇനത്തിലുള്ള ബാധ്യത കണക്കാക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വായ്പ സംബന്ധമായ വിശദാംശങ്ങൾ 2013 ജൂൺ 30 നു മുമ്പായി സർക്കാരിന് നൽകേണ്ടതുള്ളതിനാൽ പലിശ ക്ലയിം സംബന്ധിച്ച വിവരം അതാത് സംഘങ്ങൾ/ബാങ്കുകൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താമസം വിനാ നൽകേണ്ടതാണ്.

അതോടൊപ്പം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം വായ്പയുടെ മുതലിനത്തിലും പലിശയിനത്തിലും തുക തിരിച്ചടയ്ക്കേണ്ടത് സർക്കാരാണ്. ഈ പദ്ധതിക്ക് നൽകുന്ന വായ്പ തുകയും 10.75 ശതമാനത്തിൽ അധികരിക്കാത്ത പലിശയും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. എന്നാൽ വായ്പ തിരിച്ചടവ് പത്തു വർഷകാലയളവ് ആകണമെന്നില്ല. 31.3.2013 നകം ബ്ലോക്ക് പഞ്ചായത്തുകൾക്ക് വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും എല്ലാ സഹകരണ സംഘം ചീഫ് എക്സിക്യൂട്ടീവിന്റെയും ഭരണസമിതി അംഗങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. 14.3.2013 ലെ ജി.ഒ (എംഎസ്) നമ്പർ 90/13 ത:സ്വ:ഭ:വ. നമ്പർ ഉത്തരവു കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.( See Government orders in website )

ഒപ്പ്,
കെ.വി. സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)